# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **1163** — 12.07.2016 ലെ മറുപടിക്ക്

## അനധികൃത കെട്ടിടനിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.സി.ജോർജ് : | ശ്രീ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സെല്ലിൽ ശ്രീ.ആദിഷ് ഹരിദാസ് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ആറ്റിപ്ര സോണൽ ഓഫീസിൽ നിന്നും 07.12.2012 ൽ നൽകിയ പെർമിറ്റ് നം.ZAE/13A/282-A/12 പ്രകാരം നിർമ്മിച്ച കെട്ടിടത്തിൽ ചീഫ് ടൗൺ പ്ലാനറുടെ (വിജിലൻസ്) 300/15 നമ്പർ റിപ്പോർട്ടു പ്രകാരം കണ്ടെത്തിയിട്ടുള്ള ചട്ടലംഘനങ്ങളിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ; ചട്ടലംഘനം നടത്തിയ കുറ്റക്കാർക്കെതിരെ മാതൃകാപരമായി നടപടി സ്വീകരിക്കുമോ; | (എ) ആറ്റിപ്ര സോണൽ ഓഫീസിൽ നിന്നും 07.12.2012 ൽ നൽകിയ പെർമിറ്റ് നം.ZAE/13A/282-A/12 പ്രകാരം നിർമ്മിച്ച കെട്ടിടം സംബന്ധിച്ച് ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) സർക്കാരിന് നൽകിയ 300/15-ാം നമ്പർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനധികൃതനിർമ്മാണത്തിനെതിരെ നടപടി സ്വീകരിക്കുന്നതിന് തിരുവനന്തപുരം കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. പെർമിറ്റ് നൽകിയിട്ടുള്ള ഉദ്യോഗസ്ഥർക്കും ലൈസൻസിയ്ക്കും കാരണം കാണിക്കൽ നോട്ടീസ് നൽകി, വിശദീകരണം വാങ്ങി, തുടർനടപടികൾ തിരുവനന്തപുരം നഗരസഭ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന് കെ.എം.ആക്ട് 242 പ്രകാരം അനധികൃത നിർമ്മാണങ്ങൾക്കെതിരെയുള്ള അസസ്സ്മെന്റ് നടത്തുകയും ചെയ്തിട്ടുണ്ട്. ടി കെട്ടിടത്തിനോട് ചേർന്ന് കിടക്കുന്ന 1.02 ആർ സ്ഥലം വാങ്ങിച്ചേർത്ത് കെ.എം.ബി.ആർ.ന് വിധേയമാക്കിയതിനാൽ നിർമ്മാണം ക്രമവത്ക്കരിച്ച് റ്റി.സി. നമ്പർ നൽകിയിട്ടുണ്ട്. |
| (ബി) ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)ന്റെ 300/15 നമ്പർ റിപ്പോർട്ടിന്റെ പകർപ്പും, നഗരസഭയുടെ 20.02.2015 ലെ ZAE/6612/14 നമ്പർ കത്തിന്റെ പകർപ്പും ലഭ്യമാക്കുമോ; | (ബി) അനുബന്ധം-I ആയി ചേർക്കുന്നു. |

(തുടർച്ച.......2)

(സി) തദ്ദേശസ്വയംഭരണം (ആർ.എ) വകുപ്പ് സെക്രട്ടറിയുടെ 16.07.2015 ലെ 66743/ആർ.എ 2/2014/തസ്വഭവ, നമ്പർ കത്തുപ്രകാരം തിരുവനന്തപുരം നഗരസഭ സെക്രട്ടറിയോട് പെർമിറ്റ് നൽകിയ ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ലഭ്യമാക്കി സ്വീകരിച്ച നടപടിയുടെ റിപ്പോർട്ട് സഹിതം ഒരാഴ്ചയ്ക്കകം സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കണമെന്ന നിർദ്ദേശത്തിന്മേൽ നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ഒരാഴ്ചയ്ക്കകം (22.07.2015 ന് മുൻപ്) സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(സി) ഇല്ല; ഈ വിഷയം കൈകാര്യം ചെയ്തിരുന്ന തിരുവനന്തപുരം നഗരസഭയിലെ ഉദ്യോഗസ്ഥർ സ്ഥലംമാറി പോയതുകൊണ്ടാണ് വിശദീകരണം ഒരാഴ്ചയ്ക്കുള്ളിൽ ലഭ്യമാക്കാൻ സാധിക്കാത്തത്.

(ഡി) അപേക്ഷകൻ കെട്ടിടനിർമ്മാണത്തിനായി ആറ്റിപ്ര വില്ലേജ് Sy.No.362/10 ൽ ഉൾപ്പെട്ട 3 ആർ സ്ഥലത്തിന്റെ ഒറിജിനൽ ആധാരം ഹാജരാക്കിയാണോ അപേക്ഷ നൽകിയതെന്ന് വെളിപ്പെടുത്താമോ; പ്രസ്തുത ആധാരത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ; ടി കെട്ടിടത്തിന് റ്റി.സി. നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഇ) കേരളത്തിൽ പലയിടത്തും അനധികൃത കെട്ടിടനിർമ്മാണം നടക്കുന്നതിനാൽ ചട്ട ലംഘനം നടത്തിയതായി കണ്ടെത്തിയ പ്രസ്തുത കെട്ടിടനിർമ്മാണത്തിന് എതിരെ മറ്റുള്ളവർക്ക് മാതൃകയായി കർശന നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(എഫ്) 21.07.2015 ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 4163-ന് നൽകിയ മറുപടിയിൽ പറഞ്ഞിരുന്ന പ്രകാരം നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

(ഡി), (ഇ) & (എഫ്) ഒറിജിനൽ ആധാരം ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിലാണ് തിരുവനന്തപുരം നഗരസഭ പെർമിറ്റ് നൽകിയത്. കെട്ടിടത്തിനോട് ചേർന്ന് കിടക്കുന്ന 1.02 ആർ സ്ഥലം വാങ്ങിച്ചേർത്ത് നിർമ്മാണം കെ.എം.ബി.ആർ.ന് വിധേയമാക്കിയതിനാലാണ് തിരുവനന്തപുരം നഗരസഭ നിർമ്മാണം ക്രമവത്ക്കരിച്ച് റ്റി.സി. നമ്പർ നൽകിയിട്ടുള്ളത്. (ആധാരത്തിന്റെ പകർപ്പ് അനുബന്ധം-II ആയി ചേർത്തിട്ടുണ്ട്).

സെക്ഷൻ ഓഫീസർ